18103713

QP CODE: 18103713

Reg No : .....

Name : .....

B.Com. DEGREE (CBCS)EXAMINATION, DECEMBER 2018

First Semester

Common Course II - ML1CCT05 - MALAYALAM-KATHAYUM KAVITHAYUM

(For Model I B.Com Programmes)

2018 Admission only

178B1EB1

Maximum Marks: 80 **Time: 3 Hours**

പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. അയാൾ തന്നോടുതന്നെ ചോദിച്ചു: ' മരിക്കാൻ മാത്രമാണോ ജനിക്കുന്നത്?' - ഇങ്ങനെ സ്വയം ചോദിക്കുവാനുള്ള കാരണമെന്ത്?
2. രാജീന്ദർ പാണ്ഡെ ജനൽവാതിൽ തുറന്ന പുറത്തേക്കു നോക്കിയപ്പോൾ കണ്ട മൈതാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
3. അവിടുത്തെ ഏകാന്തതയാണ് അവരെ തമ്മിലടുപ്പിച്ചത് - സന്ദർഭം വിശദമാക്കുക.
4. 'ദാ ഇതു വായിച്ചാൽ അതെന്താണെന്ന് പിടികിട്ടുമെന്നാ കൊച്ചു പറഞ്ഞത്. ദിസ് ഈസ് ഹേർ ബുക്ക്' - സന്ദർഭം വിശദമാക്കുക.
5. കാലമേറെയായി ധൂർത്തരരക്കന്മാരുടെ മണി-
ക്കോലകവളപ്പിലവൾ തടവുകാരി - ആരാണ് തടവുകാരി? സന്ദർഭവും ആശയവും വിശദമാക്കുക.
6. 'നന്മയുടെ സ്വർഗ്ഗപ്രതീക്ഷകളെ അവഗണിക്കുന്ന കവിതയാണ് പാടുന്ന പിശാചിന്' - പരിശോധിക്കുക.
7. രാവ് ഒരു കറുത്ത ശീലയുമായ്
മുടന്തൻകാലിന്മേലിഴഞ്ഞുവന്ന്
രംഗപടം മാറ്റുകയായ് - ആശയം വ്യക്തമാക്കുക.
8. ഉമ്മുക്കൊലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നിട്ടില്ല - ആശയം വ്യക്തമാക്കുക.
9. കവിതകിനിയുന്ന ഉറവയിൽനിന്നു മുളച്ച് കാവ്യപ്രവാഹത്തെ തടയുന്ന ശിലാഖണ്ഡങ്ങളെ കവി എന്താണ് ചെയ്യുന്നത്?
10. മലയാളത്തിലെ ഉത്തരാധുനിക പെൺകവിതകളുടെ സവിശേഷതകൾ പരിശോധിക്കുക.
11. 'കൈക്കലത്തുണികൾ' എന്ന ശീർഷകം എന്തിന്റെയെല്ലാം പ്രതിനിധാനമാണ്?
12. മുകുന്ദന്റെ പ്രധാന കൃതികൾ പരിചയപ്പെടുത്തുക.

(10×2=20)

പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. പുരുഷന്റെ കൃഷിയിടമാകുന്നു സ്ത്രീ - ടി.വി.കൊച്ചുബാവയുടെ അടുക്കളയെ മുൻനിർത്തി വിശകലനം ചെയ്യുക.

14. കരുണനും കുമാരനും തമ്മിൽ നടത്തുന്ന പൂർവ്വജന്മത്തിന്റെ കഥപറച്ചിലിൽ പ്രകടമാകുന്ന വൈരുദ്ധ്യം വിശകലനംചെയ്യുക.

15. മിത്ത് വിശ്വാസത്തിലും വിശ്വാസം ജീവിതത്തിലും എങ്ങനെയെല്ലാം ഇടപെടുന്നുവെന്ന് 'തീച്ചാമുണ്ഡി' എന്ന കഥയെ മുൻനിർത്തി വിശകലനംചെയ്യുക.

16. ജീവിതത്തെ സംഘർഷങ്ങളോടെ സ്വീകരിക്കുകയും ആനന്ദത്തോടെ മടക്കിക്കൊടുക്കുകയും ചെയ്യുന്നതാണ് കടിക്കുന്ന അമ്മച്ചിയുടെ പ്രകൃതം - നിരീക്ഷിക്കുക.

17. കടുക്ക എന്ന കവിതയിലൂടെ അയ്യപ്പപ്പണിക്കർ നടത്തുന്ന സാമൂഹികവിമർശനം വ്യക്തമാക്കുക.

18. ഞങ്ങൾ തുടങ്ങിയത്
ഇനി മരവും മീനും മൃഗവും
തിരയും കാറ്റും വെയിലും മഴയും തുടരും - ആശയപരിസരം വിലയിരുത്തുക.

19. നാട്ടുതാളത്തിന്റെ ചൂരും നാട്ടനുഭവത്തിന്റെ തീഷ്ണതയും ഒത്തുചേർന്ന കവിതയാണ് ഇഷ്ടമുടിക്കായൽ - വിലയിരുത്തുക.

20. ഉത്തരാധുനിക കവിതകളുടെ പൊതുസ്വഭാവം പരിശോധിക്കുക.

21. ഇടശ്ശേരിക്കവിതകളുടെ സവിശേഷതകൾ 'മൈനാകശൃംഗ'ത്തെ മുൻനിർത്തി പരിശോധിക്കുക.

(6×5=30)

പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. 'മകൾക്കും രണ്ടാം ഭാര്യയ്ക്കുമിടയിൽ ജീവിതം അസ്വസ്ഥതപ്പെടുന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥയാണ് ചേക്കയിലെ പ്രമേയപരിസരം' - വിമർശനാത്മകമായി വിലയിരുത്തുക.

23. 'ജീവിതത്തിന്റെ പൊക്കിൾക്കൊടിബന്ധം അറുത്തുമാറ്റി മറ്റൊരു ജീവിതത്തിലേക്കുള്ള സൂതികർമ്മം നടത്തുകയാണ് മരണം' - വിളക്കുകൊളുത്തൂ....വിളക്കുകൊളുത്തൂ എന്ന കവിതയുടെ പശ്ചാത്തലത്തിൽ വിശകലനംചെയ്യുക.

24. ആധുനിക കവിത രൂപത്തിലും ഭാവത്തിലും അതിന്റെ പൂർവ്വഘട്ടത്തെ തിരസ്കരിച്ചതെങ്ങനെയെന്ന് കാവ്യമാതൃകകളെ മുൻനിർത്തി വിലയിരുത്തുക.

25. അടുക്കള, കൈക്കലത്തുണികൾ എന്നീ രചനകളിലെ സ്ത്രീപ്രതിനിധാനത്തിന്റെ സ്വഭാവം വിശകലനംചെയ്യുക.

(2×15=30)